പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 1031

01.03.2017 -ലെ മറുപടിയ്ക്ക്

# അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ജോയി: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നടത്തുന്നതിന് പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനത്തിനും വകുപ്പിൽ നിന്നും തസ്തികമാറ്റം മുഖേന ഉദ്യോഗക്കയറ്റത്തിനുമുള്ള അനുപാതം എത്ര എന്നു വ്യക്തമാക്കുമോ; | (എ) തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും യഥാക്രമം 3:1 എന്ന അനുപാതമാണ് നിലവിലുള്ളത്. |
| (ബി)പി.എസ്.സി റാങ്ക് ലിസ്റ്റ് (2014-ൽ പ്രസിദ്ധീകരിച്ചത്)നിന്നും എത്ര പേർക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 27 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ പി.എസ്സ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. |

Sreekala

സെക്ഷൻ ഓഫീസർ